പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 517 **13-10-2026-ൽ മറുപടിയ്ക്ക്**

എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീമതി കെ. കെ. രമ
ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്; സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്ത് എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ/ വിവിധ സംരംഭക പ്രോത്സാഹനപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംരംഭക സഹായ പദ്ധതി (ESS).
2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി.
3. നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി.
4. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി.
5. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി.
6. MSME ഇൻഷുറൻസ് പദ്ധതി
7. പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി)
8. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.
9. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്.
10. NORKA Private Industrial Estate Scheme 2026 (NPIE 2026).
11. കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രഖ്യാപിച്ച കേരളം എം.എസ്.എം.ഇ ഗ്രോത്ത് സ്കീം മുഖാന്തിരം നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായവും പ്രോത്സാഹനവും ടാക്സ് ഇൻസെന്റീവും സർക്കാർ നൽകും.

(ബി) പുതിയ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; യുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: യുവ സംരംഭകർക്ക് വായ്പ ലഭിക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) എന്നിവ മുഖേന പരിശീലന പരിപാടികളും വിവിധ ശേഷിവികസന പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

കേരളത്തിലെ യുവജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനുമായി 5 ലക്ഷം രൂപയുടെ പലിശരഹിത ടേം ലോൺ/കോമ്പോസിറ്റ് ലോൺ ലഭ്യമാക്കുന്നതിനുള്ള "യുവ സംരംഭകത്വ പദ്ധതി (Youth Enterpreneurship Scheme-YES)" നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) എം.എസ്.എം.ഇ. സംരംഭങ്ങൾ അടച്ചുപൂട്ടുന്നതിന്റെ പ്രധാന കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രതിസന്ധിയിലായ ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പ്രത്യേക പാക്കേജ് നിലവിലുണ്ടോ; വിശദമാക്കാമോ;

മറുപടി: അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, സാങ്കേതിക പിന്നോക്കാവസ്ഥ, ആഗോള ബ്രാന്റുകളിൽ നിന്നുള്ള കടുത്ത മത്സരം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൃത്യ സമയത്ത് വായ്പ ലഭിക്കാതിരിക്കൽ, വൻകിട കമ്പനികളിൽ നിന്നും മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങളുടെ വില യഥാസമയം ലഭിക്കാതിരിക്കൽ എന്നിവയാണ് എം.എസ്.എം.ഇ. സംരംഭങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള പ്രധാന കാരണങ്ങൾ. പ്രതിസന്ധിയിലായ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി "തകർച്ച നേരിടുന്ന (Stressed) MSME,പ്രവർത്തനരഹിത MSME-കൾ/കുരുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി Stressed MSME-കൾക്ക് പരമാവധി ₹6 ലക്ഷം വരെയും Defunct MSME-കൾക്ക് പരമാവധി ₹8 ലക്ഷം വരെയും സഹായം നൽകുന്നു. കൂടാതെ, KINFRA പാർക്കുകളിലെ തകർച്ച നേരിടുന്ന യൂണിറ്റുകളുടെ പുനരുജ്ജീവനം, കൈമാറ്റം, സബ്-ലീസ് എന്നിവ സുഗമമാക്കുന്നതിനായി 2024-ലെ Unified Land Policy ലെ വ്യവസ്ഥകൾ പ്രകാരം സബ്-ലീസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എം.എസ്.എം.ഇ. മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സർക്കാർ ഇടപെടലുകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിവിധ മേളകൾ സംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ വ്യാപാര മേളകളിൽ പങ്കെടുക്കാൻ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. കൂടാതെ, ONDC പ്ലാറ്റ്ഫോമിൽ ഉൽപ്പന്നങ്ങൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകുന്നു.

(ഇ) ചെറുകിട വ്യവസായങ്ങൾക്ക് വൈദ്യുതി, ഭൂമി, അസംസ്കൃത വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> ചെറുകിട വ്യവസായങ്ങൾക്ക്, വൈദ്യുതി ഡ്യൂട്ടി ഇളവ്, വൈദ്യുതീകരണ സബ്സിഡി, പവർ താരിഫ് സബ്സിഡി, അസംസ്കൃത വസ്തുക്കൾ/സംഭരണത്തിന് മുൻഗണന എന്നിവ നൽകുന്നു. പ്രാരംഭ നിക്ഷേപം ലഘൂകരിക്കുന്നതിനായി ഭൂമിയുടെ വില തവണകളായി അടയ്ക്കുന്നതിനുള്ള ഭേദഗതിയും സബ് ലീസ് അനുവദിക്കുന്നതിനും Unified Land Policy-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ